**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2199** **20-01-2021 - ൽ മറുപടിയ്ക്ക്**

**ഇരിങ്ങാലക്കുട മണ്ഡലം - സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . കെ. യു. അരുണൻ | | **Smt. K. K .Shailaja Teacher**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാർ ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ ? | (എ) | ഈ സർക്കാരിന്റെ കാലത്ത് ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു. (Attached) വനിതാ ശിശുവികസന വകുപ്പ മുഖേന നടപ്പിലാക്കിയ പദ്ധതികൾ പോഷൻ അഭിയാൻ പ്രവർത്തനങ്ങളുടെ ഭാഗമായി അങ്കണവാടികളിൽ നിർമ്മൽ സംഗമം, ദമ്പതി സംഗമം, കുഞ്ഞൂണ്, വർണ്ണ സംഗമം, സീമന്ത സംഗമം എന്നിവ നടത്തിവരുന്നു. 5 വയസ്സുവരെയുള്ള കുഞ്ഞുങ്ങളുടെ ഗ്രോത്ത് മോണിറ്ററിംഗ് അങ്കണവാടികളിൽ നടപ്പിലാക്കി വരുന്നു. അങ്കണവാടികൾ മുഖേന ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും ബോധവൽക്കരണ ക്ലാസുകൾ നൽകുന്നു. അങ്കണവാടികൾ വഴി അമ്മമാർക്കും കുട്ടികൾക്കും സൈക്കോ സോഷ്യൽ കൗൺസിലർമാർ മുഖേന കൗൺസിലിംഗ് നൽകി വരുന്നു. വിധവകൾക്ക് സ്വയം തൊഴിൽ പദ്ധതിയായ സഹായഹസ്തം അശരണരായ വിധവകൾക്ക് അഭയവും സംരക്ഷണവും നല്കുന്ന അഭയകിരണം, വിധവാ പുനർ വിവാഹ പദ്ധതിയായ മംഗല്യ, വിധവകളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസ ധനസഹായ പദ്ധതിയായ പടവുകൾ, വനിത ഗൃഹനാഥരായവരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായ പദ്ധതി എന്നിവ നൽകി വരുന്നു. കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ കൗമാര പ്രായക്കാരായ പെൺകുട്ടികൾ എന്നിവർക്ക് പോഷകാഹാര വിതരണം നടത്തുന്നു. പോഷക കുറവുള്ള കുട്ടികൾക്ക് കാർഷിക സർവ്വകലാശാലയുമായി സഹകരിച്ച് ന്യൂട്രീബാർ വിതരണം ചെയ്തു. കുട്ടികളുടെ ആരോഗ്യനിലവാരം മെച്ചപ്പെടുത്തുന്നതിന് മിൽമയുമായി സഹകരിച്ച് |

| | | | |
|---|---|---|---|
| | | | ഫോർട്ടിഫൈ ചെയ്ത പാൽ ദിവസേന 100 മി.ലി. വീതം വിതരണം ചെയ്യ. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമുള്ള കേന്ദ്ര സംസ്ഥാന സർക്കാർ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയായ പ്രധാന മന്ത്രി മാതൃ വന്ദന യോജന പ്രകാരം ധനസഹായം നല്കിവരുന്നു. |

സെക്ഷൻ ഓഫീസർ

| പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചിലവഴിച്ച തുക |
|---|---|---|
| വിദ്യാജ്യോതി | 126 | 292358 |
| വിദ്യാകിരണം | 223 | 1097500 |
| മന്ദഹാസം | 11 | 55000 |
| സ്വാശ്രയ | 2 | 70000 |
| പരിണയം | 11 | 330000 |
| ഭിന്നശേഷി ദുരിതാശ്വാസനിധി | 7 | 35000 |
| മിശ്രവിവാഹ ധന സഹായ പദ്ധതി | 9 | 270000 |